പോലീസുകാർ പ്രതികളായ കേസ്സുകൾ

107 (1042) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാർ പ്രതികളായ എത്ര കേസ്സുകൾ ഉണ്ട് ;

(ബി) ഇവയിൽ എത്ര പോലീസുകാരെ ശിക്ഷിച്ചിട്ടുണ്ട് ;

(സി) ബലാൽസംഗക്കേസുകളിൽ എത്ര പോലീസുകാർക്കെതിരെ കേസ് എടുത്തിട്ടുണ്ട് ;

(ഡി) പോക്കറ്റടി, മോഷണം, ഭവനഭേദനം എന്നീ കേസ്സുകളിൽ പോലീസുകാർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്കെതിരെ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 853 കേസുകൾ

(ബി) 12 പേരെ ശിക്ഷിച്ചിട്ടുണ്ട്.

(സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ന്യൂഡൽഹി ടെലിവിഷൻ ലേഖകൻ ബോബിനായരെ പോലീസ് മർദ്ദിച്ച സംഭവം

108 (1043) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂഡൽഹി ടെലിവിഷൻ ലേഖകൻ ബോബി നായരെ അകാരണമായി പോലീസ് മർദ്ദിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഭവവുമായി ബന്ധപ്പെട്ട ഏതെങ്കിലും പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചത് ; ഇവരുടെ പേരുവിവരം വെളിപ്പെടുത്താമോ ;

(സി) ഈ കേസിൽ ഡിപ്പാർട്ടുമെന്റൽ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കിൾ ഇൻസ്പെക്ടർ അനിൽ രാജ്., പി. സി. റ്റി. 7700 ജലജകുമാർ എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റു ചെയ്യുകയും ഇവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരികയുമാണ്.

(സി) വകുപ്പുതല അന്വേഷണം നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly